# ഗോഖലെ യു പി സ്കൂൾ

# മൂടാടി

# അക്കാദമികമാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. ഇതു സംരക്ഷിക്കപ്പെടുന്നതിനായി പൊതുവിദ്യാഭ്യാസമേഖല ഇനിയും പരിഷ്കരിക്കേണ്ടതുണ്ട്. ഭൗതികസാഹചര്യം മെച്ച പ്പെടുന്നതോടൊപ്പം ഏറ്റവും പ്രധാനമായത് അക്കാദമികമായ ഉയർച്ചയാണ്. വിദ്യാഭ്യാസത്തിന്റെ ഗുണമേനന്മ സംബന്ധിച്ച് വിത്യസ്തമായ സങ്കൽപങ്ങൾ ഇന്നുണ്ട്. ഇതിൽഏതു നിലപാടിനോട് ചേർന്നു നിൽക്കണം എന്നതിലുള്ള വ്യക്തതകുറവ് സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നു. ഇത് ഇല്ലാതാക്കാൻ അധ്യാപക സമൂഹം ഉണർന്ന് പ്രവർത്തിക്കേണ്ടതാണ്.കേരളത്തിലെ പൊതു വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടതും വളർന്നതും ജനകീയമായ കൂട്ടായ്മയോടും പങ്കാളിത്തത്തോടും കൂടിയാണ്.ഈ ഒത്തൊരുമയും പങ്കാളിത്തവും വർധിപ്പിക്കേണ്ട സാഹചര്യം ഇന്ന് നിലനിൽക്കുന്നുണ്ട്.

സമൂഹത്തിന്റെ പ്രതീക്ഷക്കൊത്ത് പൊതുവിദ്യാലയങ്ങൾ ഉണരണം. ഇതിൽ പ്രധാന പ്പെട്ട ഒരു കണ്ണിയാണ് അധ്യാപകൻ കുട്ടി- രക്ഷിതാവ് ഇവർക്കിടയിൽ പൊതു വിദ്യാ ഭ്യാസത്തെക്കുറിച്ച് വ്യക്തമായ ധാരണകൾ വേണം. കുട്ടിയുടെ സർവ്വതോന്മുഖമായ വികസന മാവണം വിദ്യാഭ്യാസം. അതിനനുയോജ്യമായ പഠനാന്തരീക്ഷം വിദ്യാലയങ്ങളിൽ ഉറപ്പുവരുത്തേ ണ്ടത് പ്രധാനമാണ്. ബഹുജന കൂട്ടായ്മയാണ് അവയിൽ പ്രധാനം. അധ്യാപകൻ രക്ഷിതാക്കളിലേക്ക് അടുക്കണം. അവരുടെ പ്രതീക്ഷകൾക്കൊത്ത് പ്രവർത്തിക്കാനുള്ള സന്നദ്ധത അധ്യാപകനുണ്ടാവണം. എങ്കിലെ നമ്മുടെ പൊതുവിദ്യാഭ്യാസമേഖല പൂത്ത് ഉലയുകയുള്ളൂ. ഓരോ കുട്ടിയുടേയും കഴിവും പോരായ്മയും അധ്യാപകൻ ആഴത്തിലറിയണം. അവനെപ്പോഴും ഒരു "താങ്ങായി മാറാൻ അധ്യാപകന് കഴിയണം. ഈ വിശ്വാസത്തൽനിന്നേ നമുക്ക് പുതിയതെല്ലാം കെട്ടിപ്പെടുക്കാനാവൂ എങ്കിലെ നമ്മുടെ അക്കാദമിക നിലവാരം ഉയരുകയുള്ളൂ. അതിനുതകുന്നതാകട്ടെ നമ്മുടെ അക്കാദമിക മാസ്റ്റർ പ്ലാൻ. 'നമുക്ക് ഒന്നുചേരാം നന്മയുടെ നാളേക്കായ്.

## ഉള്ളടക്കം


| |
|---|
| 1) ചരിത്രം |
| 2) ലക്ഷ്യങ്ങൾ |
| 3) വിഷയമേഖലകൾ |
| ക്ലാസ് 1 |
| ക്ലാസ് 2 |
| ക്ലാസ് 3 |
| ക്ലാസ് 4 |
| മലയാളം |
| ഇംഗ്ലീഷ് |
| ഗണിതം |
| സയൻസ് |
| അറബിക് |
| ഉറുദു |
| സംസ്കൃതം |

1987-89 കാലഘട്ടത്തിൽ പൊതുജനങ്ങൾക്ക് കൂടി ഉപകാരപ്രദമായ വിധത്തിൽ സ്കൂൾ അങ്കണത്തിൽ വിശാല സ്റ്റേജ്ജ് സ്ഥാപിക്കാൻ കഴിഞ്ഞു.

2018-19 അദ്ധ്യായന വർഷത്തിൽ പൈതൃക കെട്ടിടം നവീകരിക്കുകയും. പൂർവ്വ വിദ്യാർഥികൾ ചേർന്ന് ലൈബ്രറി ഒരുക്കുകയും ചെയ്തു -ചിൽഡ്രൻസ് പാർക്ക്, സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, സ്കൂൾ വാഹനം എന്നീ ലക്ഷ്യങ്ങൾ 2018-19 വർഷങ്ങളിൽ പൂർത്തീകരിച്ചു. ശേഷം നാല് ക്ലാസ് റൂമും. ഇന്റർ ലോക്ക് വിരിച്ച റോഡും മാനേജർ സ്കൂളിനായ് ഒരുക്കി. പുതിയ ഒരു വാഹനവുംകൂടെ ചേർന്നപ്പോൾ സ്കൂൾ ഭൗതികപരമായും അചെയ്തിരുന്നത്-2-

936 ൽ അന്നത്തെ ലേബർ കമ്മീഷണറായിരുന്ന ശ്രീ. ഗ്രേയുടെ ഓർമ്മക്കായി അറുപതിൽ പരം കുട്ടികൾ താമസിച്ചു പഠിക്കുന്ന ഒരു ഹോസ്റ്റൽ ഗോപാലപുരത്ത് സ്ഥാപിക്കപ്പെട്ടു. തദ്ദേശവാസികൾ അല്ലാത്ത ഹരിജൻ വിദ്യാർത്ഥികൾക്കായിരുന്നു ഹോസ്റ്റലിൽ പ്രവേശനം അനുവദിക്കപ്പെട്ടിരുന്നത്. ഈ ഹോസ്റ്റലിൽ താമസിച്ചു പഠിച്ചവരിൽ മുൻ മന്ത്രി ശ്രീ. വെള്ളാ യിച്ചിരൻ, ശ്രീ ഉറൂബ് എന്നീ പ്രമുഖർ ഉൾപ്പെടും. ഹോസ്റ്റലിൻ്റെ ശിലാസ്ഥാപനം നടത്തിയത് പണ്ഡിറ്റ് ഹൃദയനാഥകുത്സുവും കെട്ടിട ഉദ്ഘാടനം ചെയ്തത് മദിരാശി ഗവൺമെന്റിന്റെ തൊഴിൽ മന്ത്രിയും പിന്നീട് ഇന്ത്യായൂണിയൻ പ്രസിഡണ്ടായിരുന്ന വി.വി.ഗിരിയും ആയിരു ന്നു. ഇന്ത്യയുടെ പ്രഥമ പ്രസിഡണ്ടായിരുന്ന ഡോ. രാജേന്ദ്ര പ്രസാദ്, ശ്രീ. രാജഗോപാലാചാ രി, ശ്രീ. എ.വി. തക്കർ ബാപ്പ, ശ്രീ എസ്. ആർ. വെങ്കിട്ടരാമൻ തുടങ്ങിയ ഒട്ടനവധി മുൻനിര ദേശീയ നേതാക്കൾ പിൽക്കാലത്ത് ഗോപാലപുരം സന്ദർശിക്കുകയുണ്ടായി. ശ്രീ. മഹാത്മാ ഗാന്ധി അദ്ദേഹത്തിൻ്റെ മലബാർ പര്യടന വേളയിൽ ഗോപാലപുരം ഹരിജൻ വിദ്യാർത്ഥിക ളുടെയും കോളനി നിവാസികളുടെയും സ്വീകരണം ഏറ്റുവാങ്ങിയിട്ടുണ്ട്.

മലബാറിൽ അങ്ങോളമിങ്ങോളം കോളറമരണം വിതച്ചോൾ നിരാലംബരായി തീർന്ന കുഞ്ഞുങ്ങൾക്കായി മലബാറിൻ്റെ തെക്കെ അറ്റം മുതൽ വടക്കെ അറ്റം വരെ നിരവധി അനാഥ മന്ദിരങ്ങൾ സ്ഥിപിച്ചുകൊണ്ട് ശ്രീ. നായനാർ അനാഥ സംരക്ഷണം നടത്തുകയുണ്ടായി. അത്ത രത്തിലുള്ള അനാഥ മന്ദിരം ഗോപാലപുരത്തും സ്ഥാപിച്ചിരുന്നു. ജാതിമത വ്യത്യാസമില്ലാതെ ബാലികാബലൻമാർക്കൊക്കെ ഈ അനാഥാലയത്തിൽ പ്രവേശനം നൽകിയിരുന്നു. അനാഥ സംരക്ഷണ സേവനത്തിനിടയിൽ കോളറ ബാധിച്ചവശനായ സ്വന്തം മകളുടെ ചികിത്സയ്ക്ക് സമയം കണ്ടെത്താൻ കഴിയാത്ത ശ്രീ നായനാർക്ക് അരുമ മകളുടെ മൃത ശരീരം കാണാൻ മാത്രമായിരുന്നു യോഗം.

ഗോഖലെ യു.പി.സ്കൂൾ ഒരു ഹൈ സ്കൂൾ ആയി ഉയർത്തുക എന്നത് ശ്രീ കേളപ്പ ജിയുടേയും ശ്രീ നായനാരുടേയും ജീവിതാഭിലാഷമായിരുന്നു. ക്വിറ്റ് ഇന്ത്യാ സമരത്തോടനു ബന്ധിച്ച് കേളപ്പജി ജയിൽ ശിക്ഷ അനുഭവിക്കുമ്പോൾ ശ്രീ നായനാർക്ക് ഇത് സംബന്ധിച്ച് ഒരു എഴുത്ത് നൽകിയിരുന്നു. നിർഭാഗ്യം എന്നു പറയട്ടെ ആ സ്വപ്നം സാക്ഷാൽക്കരിക്കു ന്നതിന് മുമ്പ് 1945 മെയ് 14-ാം തിയ്യതി ശ്രീ നായനാരുടെ വിലപ്പെട്ട് ജീവൻ വിധി അപഹരി ച്ചു. അതോടെ ഗോഖലെ ഹയർ സെക്കൻ്ററി സ്കൂളിൻ്റെ പുരോഗതിയിലേക്കുള്ള കുതിപ്പും നിലച്ചു.

വിദ്യാലയത്തിൽ നിന്നും പഠിച്ചുപോയ സജീഷ്കുമാർ എന്ന വിദ്യാർത്ഥി 2000 ത്തിൽ ഐ.എ.എസിന് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. മെഡിക്കൽ, എൻജിനിയറിംഗ് മറ്റ് സർക്കാർ മേഖ ലകൾ എന്നിവയിൽ ധാരാളം പൂർവ്വ വിദ്യാർത്ഥികൾ ജോലി ചെയ്തു വരുന്നുണ്ട്. ഡോക്ടർ ശശീന്ദ്രൻ പവൂർ, കോളേജ് പ്രിൻസിപ്പാലായി ജോലി ചെയ്തു വരുന്നു. 1987-89കാലഘട്ടത്തിൽ പൊതുജനങ്ങൾക്ക് കൂടി ഉപകാരപ്രദമായ വിധത്തിൽ സ്കൂൾ അങ്കണത്തിൽ വിശാല സ്റ്റേജ്ജ് സ്ഥാപിക്കാൻ കഴിഞ്ഞു.

2018-19 അദ്ധ്യായന വർഷത്തിൽ പൈതൃക കെട്ടിടം നവീകരിക്കുകയും. പൂർവ്വ വിദ്യാർഥികൾ ചേർന്ന് ലൈബ്രറി ഒരുക്കുകയും ചെയ്തു -ചിൽഡ്രൻസ് പാർക്ക്, സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, സ്കൂൾ വാഹനം എന്നീ ലക്ഷ്യങ്ങൾ 2018-19 വർഷങ്ങളിൽ പൂർത്തീകരിച്ചു. ശേഷം നാല് ക്ലാസ് റൂമും. ഇന്റർ ലോക്ക് വിരിച്ച റോഡും മാനേജർ സ്കൂളിനായ് ഒരുക്കി. പുതിയ ഒരു വാഹനവും കൂടെ ചേർന്നപ്പോൾ സ്കൂൾ ഭൗതികപരമായും അകാദമികപരമായും വളരെ മുന്നിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. ചെയ്തിരുന്നത്

1936 ൽ അന്നത്തെ ലേബർ കമ്മീഷണറായിരുന്ന ശ്രീ. ഗ്രേയുടെ ഓർമ്മക്കായി അറുപതിൽ പരം കുട്ടികൾ താമസിച്ചു പഠിക്കുന്ന ഒരു ഹോസ്റ്റൽ ഗോപാലപുരത്ത് സ്ഥാപിക്കപ്പെട്ടു. തദ്ദേശവാസികൾ അല്ലാത്ത ഹരിജൻ വിദ്യാർത്ഥികൾക്കായിരുന്നു ഹോസ്റ്റലിൽ പ്രവേശനം അനുവദിക്കപ്പെട്ടിരുന്നത്. ഈ ഹോസ്റ്റലിൽ താമസിച്ചു പഠിച്ചവരിൽ മുൻ മന്ത്രി ശ്രീ. വെള്ളാ യിച്ചിരൻ, ശ്രീ ഉറൂബ് എന്നീ പ്രമുഖർ ഉൾപ്പെടും. ഹോസ്റ്റലിൻ്റെ ശിലാസ്ഥാപനം നടത്തിയത് പണ്ഡിറ്റ് ഹൃദയനാഥകുന്സുവും കെട്ടിട ഉദ്ഘാടനം ചെയ്തത് മദിരാശി ഗവൺമെന്റിന്റെ തൊഴിൽ മന്ത്രിയും പിന്നീട് ഇന്ത്യായൂണിയൻ പ്രസിഡണ്ടായിരുന്ന വി.വി.ഗിരിയും ആയിരു ന്നു. ഇന്ത്യയുടെ പ്രഥമ പ്രസിഡണ്ടായിരുന്ന ഡോ. രാജേന്ദ്ര പ്രസാദ്, ശ്രീ. രാജഗോപാലാചാ രി, ശ്രീ. എ.വി. തക്കർ ബാപ്പ, ശ്രീ എസ്. ആർ. വെങ്കിട്ടരാമൻ തുടങ്ങിയ ഒട്ടനവധി മുൻനിര ദേശീയ നേതാക്കൾ പിൽക്കാലത്ത് ഗോപാലപുരം സന്ദർശിക്കുകയുണ്ടായി. ശ്രീ. മഹാത്മാ ഗാന്ധി അദ്ദേഹത്തിൻ്റെ മലബാർ പര്യടന വേളയിൽ ഗോപാലപുരം ഹരിജൻ വിദ്യാർത്ഥിക ളുടെയും കോളനി നിവാസികളുടെയും സ്വീകരണം ഏറ്റുവാങ്ങിയിട്ടുണ്ട്.

മലബാറിൽ അങ്ങോളമിങ്ങോളം കോളറമരണം വിതച്ചോൾ നിരാലംബരായി തീർന്ന കുഞ്ഞുങ്ങൾക്കായി മലബാറിൻ്റെ തെക്കെ അറ്റം മുതൽ വടക്കെ അറ്റം വരെ നിരവധി അനാഥ മന്ദിരങ്ങൾ സ്ഥിപിച്ചുകൊണ്ട് ശ്രീ. നായനാർ അനാഥ സംരക്ഷണം നടത്തുകയുണ്ടായി. അത്ത രത്തിലുള്ള അനാഥ മന്ദിരം ഗോപാലപുരത്തും സ്ഥാപിച്ചിരുന്നു. ജാതിമത വ്യത്യാസമില്ലാതെ ബാലികാബലൻമാർക്കൊക്കെ ഈ അനാഥാലയത്തിൽ പ്രവേശനം നൽകിയിരുന്നു. അനാഥ സംരക്ഷണ സേവനത്തിനിടയിൽ കോളറ ബാധിച്ചവശനായ സ്വന്തം മകളുടെ ചികിത്സയ്ക്ക് സമയം കണ്ടെത്താൻ കഴിയാത്ത ശ്രീ നായനാർക്ക് അരുമ മകളുടെ മൃത ശരീരം കാണാൻ മാത്രമായിരുന്നു യോഗം.

ഗോഖലെ യു.പി.സ്കൂൾ ഒരു ഹൈ സ്കൂൾ ആയി ഉയർത്തുക എന്നത് ശ്രീ കേളപ്പ ജിയുടേയും ശ്രീ നായനാരുടേയും ജീവിതാഭിലാഷമായിരുന്നു. ക്വിറ്റ് ഇന്ത്യാ സമരത്തോടനു ബന്ധിച്ച് കേളപ്പജി ജയിൽ ശിക്ഷ അനുഭവിക്കുമ്പോൾ ശ്രീ നായനാർക്ക് ഇത് സംബന്ധിച്ച് ഒരു എഴുത്ത് നൽകിയിരുന്നു. നിർഭാഗ്യം എന്നു പറയട്ടെ ആ സ്വപ്നം സാക്ഷാൽക്കരിക്കു ന്നതിന് മുമ്പ് 1945 മെയ് 14-ാം തിയ്യതി ശ്രീ നായനാരുടെ വിലപ്പെട്ട് ജീവൻ വിധി അപഹരി ച്ചു. അതോടെ ഗോഖലെ ഹയർ സെക്കൻ്ററി സ്കൂളിൻ്റെ പുരോഗതിയിലേക്കുള്ള കുതിപ്പും നിലച്ചു.

വിദ്യാലയത്തിൽ നിന്നും പഠിച്ചുപോയ സജീഷ്കുമാർ എന്ന വിദ്യാർത്ഥി 2000 ത്തിൽ ഐ.എ.എസിന് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. മെഡിക്കൽ, എൻജിനിയറിംഗ് മറ്റ് സർക്കാർ മേഖ ലകൾ എന്നിവയിൽ ധാരാളം പൂർവ്വ വിദ്യാർത്ഥികൾ ജോലി ചെയ്തു വരുന്നുണ്ട്. ഡോക്ടർ ശശീന്ദ്രൻ പവൂർ, കോളേജ് പ്രിൻസിപ്പാലായി ജോലി ചെയ്തു വരുന്നു.കാദമികപരമായും വളരെ മുന്നിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

🌸 Respond to simple instructions in the classroom.
🌸 Describe orally about the pictures and objects.
🌸 Familiarise with simple words.
🌸 Enjoy songs and sings them with Rhythm and action.
🌸 Familiarise the names of birds, animals, their young ones and identifies them from pictures.

June
🌸 Introduce symbol words.
🌸 Provides picture cards.

July
🌸 Identify familiar words.
🌸 Say familiar words.
🌸 Read familiar words.
🌸 Write familiar words.

August
🌸 Enjoy songs and sings them with Rhythm and action.
🌸 Describes orally about pictures and objects using adjectives.

September
🌸 Read and write simple words and Simple sentences
🌸 Provides picture cards and reading cards.

October
🌸 Introduce symbol picture descriptions.
🌸 Make word chain, sentence chain.
🌸 Make riddles.
🌸 Describing words, rhyming words.
🌸 Text book activities.

November
🌸 Prepare reading cards.
🌸 Provide more opportunities to read, right and speak English.
🌸 Writes five English words daily.

December
🌸 Read and understand simple instructions in the classroom.
🌸 Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർകുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

**പരിസര പഠനം –5**

**മേഖല അക്കാദമികം**

**ഉപമേഖല പരിസര പഠനം**

ക്ലാസ് 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും ….. സൃഷ്ടിക്കുന്നതിന് | ശുചിത്വക്ലാസുകൾ പോസ്റ്റർ രചനാ മത്സരം, അവതരണം. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ SRG | |
| പ്രകൃതിയെ അറിയാം | പ്രകൃതി നടത്തം | സെപ്തംബർ ഡിസംബർ | ടീ ച്ചേർസ് | SRG |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം,കൃഷിയിടത്തിലേക്ക് നമുക്ക കർഷകരാകണം | ജനുവരി | SRG<br>SRG | |

**മേഖല അക്കാദമികം**

**ഉപമേഖല ഇംഗ്ലീഷ്**

ക്ലാസ് 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി എക്സ്പ്ലനേഷൻ | ജൂൺ– മാർച്ച് | | |
| | വാർത്താ വായനാ മത്സരം സംഘടിപ്പിക്കൽ | ഒരുമാസം | | |
| | വായനാക്യാമ്പ് | 3 മാസം | | |
| | ബാലപ്രസിദ്ധീകരണങ്ങളുടെ വായന | | | |

**മേഖല അക്കാദമികം**

**ഉപമേഖല ഭാഷ**

ക്ലാസ് 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം<br><br><br>വായന പരിപോ ഷണം | 1,കവികളെ കുറിച്ചു ള്ള ഡോക്യുമെന്ററി പ്രദർശനം<br>2,പുസ്തക ശേഖര ണവും പ്രദർശനവും<br>2, വായനാ ക്കളരി<br>2,നാട്ടുവായന | ജൂൺ<br><br>ജൂൺ ഡിസംബർ<br><br>ആഴ്ചയിൽ ഒരിക്കൽ | അദ്ധ്യാപകൻ<br><br>അദ്ധ്യാപകൻ<br><br>SRG<br>ക്ലബുകൾ |

**മേഖല അക്കാദമികം**

**ഉപമേഖല പരിസരപഠനം**

ക്ലാസ് 3

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| കാസ്ത്രവബോധം വളർത്തുക<br><br><br>പ്രകൃതി വിഭവ സംരക്ഷണം | കണ്ടെത്താം അറിയാം ലഘുപരീ ക്ഷണങ്ങൾ കണ്ടത്തുന്നു.<br>കുറിപ്പ് തയ്യാറാക്കൽ<br>ജൈവ വൈവിധ്യപാർക്ക് ,തടയ ണ,ജലസ്രോതസുകൾ,പരിസ്ഥിതി സംരക്ഷണ പ്രവർത്തങ്ങളിലെ പങ്കാളിത്തം. | ജൂൺ ,ജൂലൈ,ആഗസ്റ്റ്<br><br><br>ജൂലൈ,ഡിസംബർ |

# മലയാള ഭാഷ സ്റ്റാന്റേഡ് 4

**മധുരം മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം നൽകൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ |
| **വായിക്കാം വളരാം** | | | |
| വായന ശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി വായനാകുറിപ്പ് ,ക്ലാസ് വായനാക്കൂട്ടം | വർഷം മുഴുവൻ | HM<br>ക്ലാസ് ടീച്ചർ |
| **എഴുതാം തെളിയാം** | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷംമുഴുവൻ | ക്ലാസ് ടീച്ചർ |
| **കണ്ടെറിയാം കേട്ടറിയാം** | | | |
| അറിവ് ഡോക്മെന്റെറിയിലൂടെ | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| **ഓർക്കാം അഭിമാനിക്കാം സാഹിത്യകാരൻമാർ** | | | |
| സാഹിത്യകാരൻമാരുടെ ജന്മ–ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മ ദിനം ആചരിക്കൽ<br>ക്വിസ്<br>ജീവിത രേഖ നിർമ്മണം<br>പതിപ്പ് | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>SRG |

**ഓർക്കാം അഭിമാനിക്കാം സാഹിത്യകാരൻമാർ**

| | | | |
|---|---|---|---|
| സാഹിത്യകാരൻമാരുടെ ജന്മ–ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മ ദിനം ആചരിക്കൽ<br>ക്വിസ്<br>ജീവിത രേഖ നിർമ്മണം<br>പതിപ്പ് | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>SRG<br>HM |

**സർഗോൽസവം**

| | | | |
|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭങസമായി നേടിയ അിറവുകൾ ,ശേഷികൾ ആത്മ വിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ |

# <u>പരിസര പഠനം സ്റ്റാൻറ്റേഡ് 4</u>

പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| നിരീക്ഷണം അറിവു നിർമ്മാണം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | ആവശ്യാനുസരണം | HM<br>CPTA |

<u>ശാസ്ത്രമൂല</u>

| | | | |
|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കുക | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>HM |

<u>ഭൂപടമൊരുക്കാം</u>

| | | | |
|---|---|---|---|
| കേരളം-ഇന്ത്യ ഭൂപട വായന സൂചിക-പരിചയപ്പെടൽ | ഭൂപട വായന ,ഭൂപട രചന | വർഷത്തിലേക്ക് | ക്ലാസ് ടീച്ചർ |

<u>ശാസ്ത്ര വിസ്മയ ചുമർ</u>

| | | | |
|---|---|---|---|
| ശാസ്ത്ര പഠനം രസകരവുമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് വാർത്തകൾ,ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

ശാസ്ത്ര വാസിക

| | | | |
|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അിറവുകളുടെ രചന | ശാസ്ത്ര മാസിക നിർമ്മാണം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ |

ശാസ്ത്രോൽസവം

| | | | |
|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അിറവുകളുടെ പ്രയോഗം | പതിപ്പ്<br>ചാർട്ട്,<br>ആൽബം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ |

# ഗണിതം സ്റ്റാൻ്റേഡ് 4

## ഗണിതം മധുരം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാകുട്ടി കൾക്കും ഉറപ്പാക്കുക | ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തി അടിസ്ഥാന ക്രിയകൾ ചെയ്യുന്ന ശേഷി ഉറ പ്പാക്കുക | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

കണ്ടറിയാം കേട്ടറിയാം

| | | | |
|---|---|---|---|
| ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠന ത്തിനായി ഉപയോഗി ക്കാം. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT പഠനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

സംഖ്യാബോധം

| | | | |
|---|---|---|---|
| സംഖ്യകളുടെ സംഖ്യാബോധം,വ്യാ ഖ്യാനം | പാഠഭാഗവുമായി ബന്ധ പ്പെട്ടസംഖ്യകളെ വ്യാഖ്യാനി ക്കുന്നു. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

ഗണിത കേളികൾ

| | | | |
|---|---|---|---|
| സംഖ്യകളുടെ വ്യാ ഖ്യാനം ,പാറ്റേൺ നിർമ്മാണം | കളിനോട്ടുകൾ ഉപയോഗിച്ച് ഗണിത കേളികൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

സമയം നോക്കാം

| | | | |
|---|---|---|---|
| ക്ലോക്ക് ,വാച്ച് നോക്കി സമയം പറയുന്നു. | മിനിറ്റിന് സെക്കന്റ് മായും മണി ക്കൂറുമായുമുള്ള ബന്ധം വിശ ദീകരിക്കുന്നു. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

# ഗണിതം സ്റ്റാൻ്റേഡ് 3

സംഖ്യകൾ എഴുതാനുള്ള ശേഷികൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 01 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പുവരുത്തുക. | സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.കിട്ടിയ സംഖ്യവായിക്കുന്നു,എഴുതുന്നു. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

സംഖ്യകൾ വ്യാഖ്യാനിക്കാം

| | | | | |
|---|---|---|---|---|
| മൂന്നക്ക,നാലക്ക സംഖ്യകൾ വ്യാഖ്യാനിക്കൽ | ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം,കളി നോട്ട് ഉപയോഗിച്ച് 1,10,100,1000,ന്റെ കൂട്ടമാക്കാം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

സംഖ്യാചക്രം

| | | | | |
|---|---|---|---|---|
| സങ്കലനം ,ഗുണനം ഹരണം,വ്യവകലനം | ഗംഖ്യാചക്രം കറക്കി 2 സംഖ്യകൾ തിരഞ്ഞെടുക്കുന്നു.അവ തമ്മിലുള്ള സങ്കലനം ,ഗുണനം ഹരണം,വ്യവകലനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

ജോഡി കണ്ടെത്താം

| | | | | |
|---|---|---|---|---|
| ഗണിത ക്രിയകളുടെ ഉത്തരം കണ്ടെത്തുന്നു. | വിവിധ ക്രിയകൾ അടങ്ങിയ പട്ടചശ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

| AIM | ACTIVITIES | DURATION | RESPONSIBILITY | ECONOMIC SOURCE |
|---|---|---|---|---|
| To encourage listening and speaking | *Interactive sessions by discussing themes, characters to increase listening skills.<br>*Group discussions and role-plays to improve speaking skills. | June | English Teacher | English Club |
| Enhance vocabulary | *Conduct vocabulary games and exercises to improve word<br>Knowledge | | EnglishTeacher | English Club |
| Develop reading skills and writing skills | *Reading in groupwise and discussion  of the particular theme, new words etc.<br>*Encourage students to read aloud. | July | EnglishTeacher | English Club |
| Foster communication skills | *Clive comprehension exrcises using audio stories.inprove vocabulary with exerses by giving | August | EnglishTeacher | English Club |

| | | | | |
|---|---|---|---|---|
| Indruduce grammatical concepts such as parts of speech , tenses and sentence strueture<br><br>To develop basic grammer rules | worksheets.<br><br>*Practice writing contents like descriptive paragraphs , simple poems and short stories.<br>*Practice to write essay and deliver speech | Septem ber Novem ber | English Teacher | English Club |
| Develop narrative and descriptive writing | *Worksheets on parts of speech , punetuation and sentence types.<br><br>*create their own poems and stories | January Februar y. | English Teacher | English Club |

# അറബിക്

1.ലളിതം അറബിക്

എഴുത്ത്- വായന പ്രയാസമുള്ളവരെ കണ്ടെത്തി ഐ സി ടി സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ

(ലെറ്റർ കളറിങ് , വേർഡ് ക്രിയേഷൻ. ..)

2.ഭാഷാ ശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സിൽ ഒരുക്കുന്നു

(വായനാ കാർഡുകൾ -

ലഘുസംഭാഷണങ്ങൾ - സ്കിറ്റ്. .)

3 അറബിക് ലൈബ്രറി